**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 786** **24-02-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വികസന ഓഫീസർ തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പുതുതായി രൂപീകരിക്കപ്പെട്ട മുനിസിപ്പാലിറ്റികളിൽ പട്ടികജാതി വികസന ഓഫീസർ തസ്തിക ഇല്ലാത്തതിനാൽ പട്ടികജാതി വിഭാഗക്കാർക്കുള്ള പദ്ധതി നിർവ്വഹണത്തിൽ തടസ്സം നേരിടുന്നുണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിലെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥർക്ക് അധികച്ചുമതല നൽകിയിട്ടുണ്ടോ; | (ബി) | നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത മുനിസിപ്പാലിറ്റികളിൽ പട്ടികജാതി വികസന ഓഫീസർ തസ്തിക സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | (സി) | ജനസംഖ്യയ്ക്ക് ആനുപാതികമായാണ് മുനിസിപ്പാലിറ്റികളിൽ തസ്തിക സൃഷ്ടിക്കുന്നത് |
| (ഡി) | പട്ടികജാതി വികസന ഓഫീസർ തസ്തികയില്ലാത്ത ബ്ലോക്ക്/മുനിസിപ്പാലിറ്റി/ കോർപ്പറേഷനുകളുടെ ജില്ല തിരിച്ചുള്ള എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ; ലിസ്റ്റ് ലഭ്യമാക്കുമോ; | (ഡി) | വിശദാംശം അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു. |
| (ഇ) | പട്ടികജാതി വിഭാഗക്കാർക്കുള്ള പദ്ധതി നിർവ്വഹണത്തിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിന് മൂവാറ്റുപുഴ നഗരസഭ ഉൾപ്പടെ പുതുതായി രൂപീകരിക്കപ്പെട്ട സംസ്ഥാനത്തെ മുഴുവൻ ബ്ലോക്ക്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷനുകളിലും പട്ടികജാതി വികസന ഓഫീസർ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | പരിശോധിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ